## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1871 | 11.02.2020 - ൽ മറുപടിക്ക് |
|---|---|

## റീ ബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ ഭാഗമായുള്ള പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സി. ദിവാകരൻ<br>,, മുല്ലക്കര രത്നാകരൻ<br>,, ജി.എസ്.ജയലാൽ<br>ശ്രീമതി സി.കെ. ആശ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | കേരള പുനർനിർമ്മാണ പദ്ധതിയുടെ (റീ ബിൽഡ് കേരള ഇനീഷ്യേറ്റീവ്) പുരോഗതി വ്യക്തമാക്കുമോ; | എ) & ബി) | പ്രളയാനന്തരം ലോകബാങ്ക്, ഐക്യരാഷ്ട്രസഭയുടെ ഏജൻസികൾ, മറ്റ് അന്താരാഷ്ട്ര ഏജൻസികൾ എന്നിവയുടെ ആഭിമുഖ്യത്തിൽ നടത്തിയ പി.ഡി.എൻ.എ (Post Disaster Needs Assessment-PDNA) പഠന പ്രകാരം 31,000 കോടി രൂപയുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആവശ്യമായിവരുമെന്നാണ് തിട്ടപ്പെടുത്തിയിട്ടുള്ളത്. പുനർനിർമാണ പ്രവർത്തനങ്ങളുടെ ഭാഗമായ പശ്ചാത്തല സൗകര്യങ്ങളുടെയും ഭൂവ്യവസ്ഥകളുടെയും പുനഃസ്ഥാപനം വൻമുതൽമുടക്കും സമയവും വേണ്ടിവരുന്ന പ്രക്രിയയാണ്. സംസ്ഥാനത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് കൊണ്ടുള്ള പുനർനിർമാണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട മേഖലകളെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് അദ്ധ്യക്ഷന്മാരുടെയും അവയുടെ വിവിധ ഏജൻസികളുടെയും നേതൃത്വത്തിൽ വിഷയവിദഗ്ധരുടെയും ലോകബാങ്ക്, ഐക്യരാഷ്ട്രസഭയുടെ വിവിധ ഏജൻസികൾ എന്നിവയിലെ ഉദ്യോഗസ്ഥരുടെയും കൂട്ടായ ചർച്ചകൾക്കും ശിൽപശാലകൾക്കും ശേഷം കേരള പുനർനിർമാണ പ്രക്രിയയിൽ ഉൾപ്പെടുത്തേണ്ട |
| (ബി) | റീ ബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ ഭാഗമായി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ; | | |

| | | |
|---|---|---|
| | | പ്രവർത്തനങ്ങൾക്ക് മാർഗനിർദേശം നൽകുന്ന ഒരു സമഗ്ര പ്രവർത്തന പദ്ധതി റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ രൂപപ്പെടുത്തി. കേരള പുനർനിർമാണ വികസന പരിപാടി (Rebuild Kerala Development Program, RKDP) എന്ന പ്രസ്തുത നയ രൂപരേഖക്ക് 21/05/2019-ൽ ചേർന്ന മന്ത്രിസഭായോഗം അംഗീകാരം നൽകി.<br><br>കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Program) യുടെ നയരൂപരേഖയിൽ സുപ്രധാന മേഖലകളായി പരാമർശിക്കുന്ന കൃഷി, മൃഗപരിപാലനം ,ഫിഷറീസ് , വനം , ഭൂമി ,ജീവനോപാധികൾ, റോഡുകളും പാലങ്ങളും, ഗതാഗതം ,നഗരവികസനവും അടിസ്ഥാന സൗകര്യങ്ങളും, ജലവിതരണവും ശുചിത്വവും ,ജലവിഭവം എന്നീ മേഖലകൾക്കും വിവിധ മേഖലകളിയായി വ്യാപിച്ച കിടക്കുന്ന പരിസ്ഥിതി ,കാലാവസ്ഥാ വ്യതിയാനം, ദുരന്ത സാധ്യതാ ലഘൂകരണം ഓപ്പൺ ഡാറ്റ, പൊതുമേഖലയെ ശക്തിപ്പെടുത്തൽ എന്നീ മേഖലകൾക്കും ഊന്നൽ നൽകിക്കൊണ്ട് അത് വഴി അതിജീവനക്ഷമവും പരിസ്ഥിതി സൗഹൃദപരവും മുമ്പത്തേതിനേക്കാൾ മെച്ചപ്പെട്ട ജീവിതനിലവാരം പുലർത്തുന്നതുമായ ഒരു നവകേരളം കെട്ടിപ്പടുക്കുവാനുള്ള പ്രവർത്തനങ്ങളും ഊർജിതമായി നടന്നുവരുന്നുണ്ട്.<br><br>പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങളോടനുബന്ധിച്ച് ലോകബാങ്ക് ,ജർമൻ ബാങ്കായ KfW എന്നിവർക്ക് പുറമെ സാധ്യമായ മറ്റ് എല്ലാ ഇടങ്ങളിൽ നിന്നും പരമാവധി സഹായം |

| | | |
|---|---|---|
| | | ലഭ്യമാക്കിയാലേ പുനർനിർമാണം ലക്ഷ്യത്തിലെത്തുകയുള്ളൂ. RKDP യിലൂടെ സർക്കാർ ലക്ഷ്യമിടുന്ന മുൻഗണനകൾ സർക്കാർ, സ്വകാര്യ മേഖലകളിലെ പ്രധാന വികസന ഏജൻസികൾക്കു മുന്നിൽ അവതരിപ്പിച്ച്, അവരുടെ സാമ്പത്തിക സഹകരണവും അനുഭവ സമ്പത്തും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 15/07/2019- ൽ ഒരു വികസന പങ്കാളി സംഗമം (Development Partner's Conclave) സംഘടിപ്പിച്ചു. പ്രസ്തുത സംഗമത്തിൽ ലോക ബാങ്ക് സംസ്ഥാനത്തെ "വികസന പങ്കാളി"യായി പ്രഖ്യാപിച്ചു.<br><br>കേരള പുനർനിർമാണ പദ്ധതികൾക്കായി ലോകബാങ്കിൽ നിന്ന് 500 മില്ല്യൺ ഡോളർ വികസനനയവായ്പ(DPL), സമാഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി ലോകബാങ്കിൽ നിന്ന് വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) കഴിഞ്ഞ വർഷം ലഭ്യമായിട്ടുണ്ട്. . അടുത്ത ഗഡു ലഭിക്കുന്നതിനായിട്ടുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തുന്നതിനായി വിവിധ വകുപ്പുകൾ സമർപ്പിച്ച പദ്ധതി നിർദ്ദേശങ്ങൾ RKI- ഇംപ്ലിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി എന്നിവ പരിഗണിക്കുകയും, ഉന്നതാധികാര സമിതിയുടെ ശുപാർശയോടെ മന്ത്രിസഭയുടെ |

| | | |
|---|---|---|
| | | അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരം, ഇതു വരെ ആകെ **1850 കോടിയോളം രൂപ**യുടെ താഴെപറയുന്ന പദ്ധതികൾക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നല്കി ഉത്തരവായിട്ടുണ്ട്.<br>1. പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള 31 റോഡുകളുടെ പുനർനിർമാണത്തിനായി നടപ്പുസാമ്പത്തികവർഷം 300 കോടി രൂപ (ലോകബാങ്കിന്റെ വികസന നയവായ്പയിൽനിന്ന്)<br>2. തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിൽ എട്ടു ജില്ലകളിലായി 603.74 കിലോമീറ്റർ റോഡുകളുടെ പുനർനിർമാണത്തിന് 488 കോടി രൂപ (ലോകബാങ്കിന്റെ വികസന നയവായ്പയിൽനിന്ന്)<br>3. ഗതാഗത വകുപ്പ് സമർപ്പിച്ച ബ്രഹ്മപുരത്ത് കടമ്പ്രയാർ നദിക്കു കുറുകെ പുതിയ ടു ലെയിൻ പാലം നിർമിക്കുന്നതിനുള്ള 30 കോടി രൂപ.<br>4. വനംവകുപ്പിന്റെ ആകെ 130.40 കോടി രൂപയുടെ മൂന്നു പദ്ധതികളും മൂന്നു പഠനങ്ങളും .<br>5. മൽസ്യബന്ധന വകുപ്പിന്റെ കൂട് മൽസ്യകൃഷിക്കുള്ള 3.2 കോടി രൂപയുടെ പദ്ധതി.<br>6. മൃഗസംരക്ഷണ വകുപ്പിന്റെ ആകെ 23.01 കോടി രൂപയുടെ രണ്ടു പദ്ധതികൾ.<br>7. ഖരമാലിന്യ സംസ്കരണത്തിനായി ക്ലീൻ കേരള കമ്പനിയുടെ ആകെ 53.5 കോടി രൂപയുടെ ആറ് പദ്ധതികൾ<br>8. ജലവിഭവ വകുപ്പിന്റെ ആകെ 350 കോടി രൂപയുടെ എട്ട് പദ്ധതികൾ.<br>9. കേരള സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡിന്റെ ആകെ 5 കോടി രൂപയുടെ മൂന്ന് പദ്ധതികൾ.<br>10. കുടുംബശ്രീയുടെ ആകെ 250 കോടി രൂപയുടെ ഒൻപത് പദ്ധതികൾ |

| | | | |
|---|---|---|---|
| | | | 11. പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വില്ലേജ് ഓഫീസുകളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണിയും നടത്തുന്നതിനായി ആകെ 35 കോടി രൂപ.<br><br>12. കൃഷി വകുപ്പിന്റെ ആകെ 182.76 കോടി രൂപയുടെ 12 പദ്ധതികൾ.<br><br>13. മൽസ്യബന്ധന വകുപ്പിന്റെ കീഴിലുള്ള Kerala Aqua Venture International Ltd.( KAVIL) എന്ന സ്ഥാപനത്തിന്റെ ആകെ 2.62 കോടി രൂപയുടെ 4 പദ്ധതികൾ.<br><br>14. വിവരസാങ്കേതിക വകുപ്പിന്റെ മാപ്പത്തോൺ പദ്ധതിയ്ക്ക് 4.24 കോടി രൂപ.<br><br>ഇപ്രകാരം അംഗീകരിച്ച പദ്ധതികളിൽ, ആകെ **807 കോടിയോളം രൂപ**യുടെ പദ്ധതികൾക്ക് ഇതു വരെ ഭരണാനുമതി നൽകിക്കഴിഞ്ഞു. |
| **(സി)** | പൊതുമരാമത്ത് റോഡുകളുടെയും പ്രാദേശിക റോഡുകളുടെയും പുനർനിർമ്മാണത്തിനായുള്ള പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ, | **സി)** | 13/08/2019-ലെ സർക്കാർ ഉത്തരവനുസരിച്ച് പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള 31 റോഡുകളുടെ പുനർനിർമാണത്തിനായി നടപ്പുസാമ്പത്തികവർഷം 300 കോടി രൂപയും (ലോകബാങ്കിന്റെ വികസന നയവായ്പയിൽനിന്ന്) തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിൽ എട്ടു ജില്ലകളിലായി 603.74 കിലോമീറ്റർറോഡുകളുടെ പുനർനിർമാണത്തിന് 488 കോടി രൂപയും (ലോകബാങ്കിന്റെ വികസന നയവായ്പയിൽനിന്ന്) അനുവദിച്ചിട്ടുണ്ട് . |
| **(ഡി)** | ജനപങ്കാളിത്തത്തോടെ പ്രാദേശിക ഭൂപടം തയ്യാറാക്കുന്ന പദ്ധതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ, | **ഡി)** | ജനപങ്കാളിത്തത്തോടെ പ്രാദേശിക ഭൂപടം തയ്യാറാക്കുന്ന വിവര സാങ്കേതിക വകുപ്പിന്റെ പദ്ധതിയായ 'മാപ്പത്തൊൺ' പദ്ധതിക്ക് **4.24** കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ കെട്ടിടങ്ങളുടെ മാപ്പിംഗ് , ഉപഗ്രഹ ചിത്രങ്ങളിൽ ലഭിക്കാത്ത സ്ഥലങ്ങളുടെ വിശദമായ മാപ്പിംഗ് , മറ്റ് സർക്കാർ വകുപ്പുകളുടെ ഡാറ്റാ ബേസുകൾ എന്നിവ ഉപയോഗപ്പെടുത്തുന്നു. |

| | | | |
|---|---|---|---|
| (ഇ) | കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനും പമ്പുസെറ്റുകൾ മാറ്റിവെയ്ക്കുന്നതിനുമുള്ള പദ്ധതിയുടെ വിവരങ്ങൾ ലഭ്യമാക്കുമോ? | ഇ) | കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിന് 182 .6 കോടി രൂപയുടെ പ്രവർത്തികൾക്കും, ഊർജ്ജവ്യയ ഉത്തമീകരണവും കാര്യക്ഷമമല്ലാത്ത പമ്പിങ്ങ് സിസ്റ്റം മാറ്റി സ്ഥാപിക്കുന്നതിനായി (Energy optimization and replacing inefficient pumping systems) 7 കോടി രൂപയുടെ പദ്ധതിക്കും റീ ബിൽഡ് കേരള അംഗീകാരം നൽകിയിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**